**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 323 — 04.06.2018 ൽ മറുപടിക്ക്

## കായംകുളം താലൂക്ക് ആശുപത്രിയിലേക്ക് സ്കാനിംഗ് മെഷീൻ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കായംകുളം താലൂക്ക് ആശുപത്രിയിലേക്ക് സ്കാനിംഗ് മെഷീൻ അനുവദിച്ചിട്ടും നാളിതുവരെ ഇത് സ്ഥാപിക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണം എന്തെന്നും എന്നത്തേക്ക്പ്രസ്തുത മെഷീൻ താലൂക്ക് ആശുപത്രിയിൽ സ്ഥാപിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ? | (ബി) | സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ SIEMENS എന്ന കമ്പനി മുഖേനയാണ് ടി യൂണിറ്റ് സ്ഥാപിക്കുന്നത്. ടി യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് 70 KWA വൈദ്യുത ലൈൻ അനുവദിക്കേണ്ടതായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് (പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ ഡിവിഷൻ തയ്യാറാക്കിയ) 6,75,000/- (ആറ് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് കായംകുളം മുനിസിപ്പാലിറ്റിയ്ക്ക് ടി തുക സർക്കാർ ഹെഡായ 8443-00-108 PWD എന്ന ഹെഡിലേക്ക് അടയ്ക്കുന്നതിനായി കൈമാറിയിട്ടുണ്ട്. 70 KWA പവർ സപ്ലൈയോടൊപ്പം റേഡിയേഷൻ സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കായംകുളം താലൂക്ക് ആശുപത്രിയിൽ സി.ടി.സ്കാൻ യൂണിറ്റ് സ്ഥാപിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ